സ്വയംഭരണ കോളേജുകളും പോളിടെക്നിക്കുകളും ആരംഭിക്കുന്നതിന് നടപടി

45 (3686) ശ്രീ. തോമസ് ചാഴികാടൻ :
ശ്രീ. കെ. എം. മാണി :
ശ്രീ. കെ. നാരായണക്കുറുപ്പ് :
ശ്രീ. സി. എഫ്. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് സ്വയംഭരണ കോളേജുകളും പോളിടെക്നിക്കുകളും ആരംഭിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചുവരുന്നുണ്ടെന്ന് വിശദീകരിക്കുമോ ;

(ബി) യു. ജി. സി. നേതൃത്വത്തിലുള്ള സമിതി, സംസ്ഥാനത്തെ കോളേജുകളിലെ സൗകര്യങ്ങൾ വിലയിരുത്തി ഗ്രേഡുകൾ നിർണ്ണയിച്ചിട്ടുണ്ടോ ;

(സി) എങ്കിൽ ഇത് സംബന്ധിച്ച വിശദ വിവരങ്ങൾ അറിയിക്കാമോ ;

(ഡി) സംസ്ഥാനത്ത് യു. ജി. സി.യിൽ നിന്നും എന്തൊക്കെ ഇനങ്ങളിൽ എന്തൊക്കെ സഹായങ്ങൾ ലഭ്യമാക്കുന്നുണ്ടെന്ന് വിശദീകരിക്കാമോ ?

ഉത്തരം

(എ) സ്വയംഭരണ കോളേജുകളെപ്പറ്റി പഠിച്ച് ഒരു സാധ്യതാ പഠന റിപ്പോർട്ട് ലഭ്യമാക്കുവാനായി ഇന്റർ യൂണിവേഴ്സിറ്റി കൺസൾട്ടേറ്റീവ് കമ്മിറ്റി ചർച്ച ചെയ്യുകയും ഒരു സബ് കമ്മിറ്റിയെ നിയോഗിക്കുകയും ചെയ്തിട്ടുണ്ട്. അതുപോലെ ചില പോളിടെക്നിക്കുകൾക്ക്, ചില പ്രത്യേക മേഖലകളിൽ സ്വയംഭരണം നൽകുന്നതിനെ സംബന്ധിച്ചുള്ള നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലുണ്ട്. എന്നാൽ അന്തിമതീരുമാനം ആയിട്ടില്ല.

(ബി-ഡി) വിവരം ശേഖരിച്ചു വരുന്നു.

സംസ്ഥാനത്തെ പോളിടെക്നിക്കുകളിൽ കൊമേഴ്സ്യൽ പ്രാക്ടീസ്

46 (3687) ശ്രീ. തമ്പാനൂർ രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ വിവിധ പോളിടെക്നിക്കുകളിൽ കൊമേഴ്സ്യൽ പ്രാക്ടീസ് ബ്രാഞ്ചുകളിലേയ്ക്ക് ആറ് സെക്ഷൻ ഹെഡ്ഡുകളുടെ തസ്തിക സൃഷ്ടിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇത് സംബന്ധിച്ച് വിശദാംശം വെളിപ്പെടുത്തുമോ ;

(സി) എന്നാൽ ഈ തസ്തികളിൽ നിയമനം നടത്തിയിട്ടില്ലെന്ന കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) ഇതിനുള്ള കാരണങ്ങൾ എന്തൊക്കെയാണെന്ന് വെളിപ്പെടുത്തുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) ഈ തസ്തികകളിൽ നിയമനം നടത്താത്തതുമൂലമുള്ള ബുദ്ധിമുട്ടുകൾ ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ

(എഫ്) എങ്കിൽ 2000 മാർച്ച് 31-ന് മുൻപ് ഈ തസ്തികകളിലേയ്ക്ക് ടൈമ്പററി പ്രൊമോഷനുകൾ നടത്തണമെന്ന് നിർദ്ദേശിച്ചുകൊണ്ട് എന്തെങ്കിലും സർക്കുലറുകളോ ഓർഡറോ പുറത്തിറക്കിയിട്ടുണ്ടോ ;

(ജി) ഉണ്ടെങ്കിൽ അത് സംബന്ധിച്ച വിശദാംശം വെളിപ്പെടുത്തുമോ ;

(എച്ച്) ഈ ഉത്തരവ് അനുസരിച്ച് വിവിധ പോളിടെക്നിക്കുകളിലേക്ക് കൊമേഴ്സ്യൽ പ്രാക്ടീസ് ബ്രാഞ്ചുകളിലേയ്ക്ക് സെക്ഷൻ ഹെഡ്ഡുകളുടെ നിയമനം നടത്തുന്നതിനുവേണ്ട അടിയന്തിര നടപടികൾ ഗവൺമെന്റ് സ്വീകരിക്കുമോ ;

(ഐ) 2000 മാർച്ച് 31-ന് മുൻപ് കൊമേഴ്സ്യൽ പ്രാക്ടീസ് ബ്രാഞ്ചുകളിലെ സെക്ഷൻ ഹെഡ്ഡുകളെ നിയമിക്കുന്നതിന് എന്തെങ്കിലും തടസ്സങ്ങൾ നിലവിലുണ്ടെങ്കിൽ ഇത് സംബന്ധിച്ച് പുറത്തിറക്കിയിട്ടുള്ള സർക്കുലറിൽ പറഞ്ഞിട്ടുള്ള തീയതി ദീർഘിപ്പിക്കുവാൻ ഗവൺമെന്റ് നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ജി.ഒ. (എം. എസ്) നം. 158/98/ഉവിവ തീയതി 21-12-1998 എന്ന ഉത്തരവിൻ പ്രകാരം തിരുവനന്തപുരം വനിതാ പോളിടെക്നിക്ക്, കായംകുളം വനിതാ പോളിടെക്നിക്, എറണാകുളം വനിതാ പോളിടെക്നിക്, തൃശ്ശൂർ വനിതാ പോളിടെക്നിക്ക്, കോഴിക്കോട് വനിതാ പോളിടെക്നിക്, കോട്ടയം ഗവൺമെന്റ് പോളിടെക്നിക് എന്നിവിടങ്ങളിൽ കോമേഴ്സൽ പ്രാക്ടീസിന് ഓരോ ഹെഡ് ഓഫ് സെക്ഷന്റെ പോസ്റ്റുകൾ സൃഷ്ടിച്ചിട്ടുണ്ട്.

(സി) ഉണ്ട്.

(ഡി) നിലവിലുള്ള സ്പെഷ്യൽ റൂൾസിൽ മേൽപ്പറഞ്ഞ തസ്തിക ഉൾപ്പെടുത്തിയിട്ടില്ലാത്തതിനാൽ നിയമനം നടത്താൻ സാധിച്ചിട്ടില്ല.

(ഇ) ഉണ്ട്.

(എഫ് & ജി) സ്പെഷ്യൽ റൂളുകളോ എക്സിക്യൂട്ടീവ് ഓർഡറുകളോ നിലവിൽ ഇല്ലാത്ത തസ്തികകളിൽ മാത്രം 31-3-2000 വരെ താല്ക്കാലിക പ്രൊമോഷൻ നൽകുന്നതിന് 11-10-1999-ലെ 1612/റൂൾസ്1/99/ പി & എ. ആർ./ ഡി. സർക്കുലർ പ്രകാരം അനുമതി നൽകിയിട്ടുണ്ട്.

(എച്ച്) ഇക്കാര്യം പരിശോധനയിലാണ്.

(ഐ) സ്പെഷ്യൽ റൂളോ, എക്സിക്യൂട്ടീവ് ഉത്തരവുകളോ ഇല്ലാത്ത കേസുകളിൽ 31-3-2000 വരെ താൽക്കാലിക പ്രൊമോഷൻ നൽകുവാനുള്ള പൊതു ഉത്തരവ് ഭരണ പരിഷ്കരണ വകുപ്പിൽ നിന്നുമാണ് പുറപ്പെടുവിച്ചിട്ടുള്ളത്. ആ തീയതി ദീർഘിപ്പിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

LIBRARY ARCHIVES Kerala Legislative Assembly